

# കുടുംബവും മനസ്സമാധാനവും

കുടുംബം ●

സയ്യിദ് ജലാലുദ്ദീൻ അൻസ്വർ ഉമരി

**മനുഷ്യൻ** സംഘടിത ജീവിതം നയിക്കാൻ ഇഷ്ടപ്പെടുന്നവനാണെന്ന് നമുക്കറിയാം. പ്രകൃതിപരമായി തന്നെ അവൻ സാമൂഹിക ജീവിതമാണ് ആഗ്രഹിക്കുന്നത്. പരാശ്രയമില്ലാതെ അവന് ജീവിക്കാൻ കഴിയില്ല. ഒറ്റക്ക് തന്റെ ആവശ്യങ്ങൾ നിറവേറ്റാമെന്ന് വിചാരിച്ചാൽ തന്നെ അതിന് അശക്തനാണവൻ. നിരവധി ആളുകൾ ചേർന്നെങ്കിലേ അവന് ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കൂ. അതിനാൽ കുടുംബമാണ് സാമൂഹിക ജീവിതത്തിന്റെ അടിസ്ഥാന ഘടകം. നിരവധി കുടുംബങ്ങൾ ചേരുമ്പോൾ ഒരു സമൂഹം രൂപംകൊള്ളുന്നു.

കുടുംബം പല തരത്തിലാണ് കണ്ടുവരുന്നത്. ചെറിയ കുടുംബം, മധ്യമ കുടുംബം, കൂട്ടുകുടുംബം എന്നിങ്ങനെ. ചെറിയ കുടുംബം ഭാര്യ, ഭർത്താവ്, കുട്ടികൾ എന്നിവർ മാത്രം അടങ്ങിയതാണ്. ചില സന്ദർഭങ്ങളിൽ മാതാപിതാക്കളും അടുത്ത ബന്ധുക്കളും കൂടി ഉണ്ടായെന്നുവരാം. ഒന്നിലധികം കുടുംബങ്ങൾ വരുമ്പോഴാണ് കൂട്ടുകുടുംബം ഉണ്ടാകുന്നത്.

കുടുംബസംവിധാനത്തിന് ഉറച്ച അടിത്തറ നൽകുകയാണ് ഖുർആൻ ചെയ്യുന്നത്. അതിനു ഹാനികരമായ ദുഷ്പ്രവണതകളേതൊക്കെ എന്ന് ചൂണ്ടിക്കാണിക്കുകയും പരിഹാരങ്ങൾ നിർദേശിക്കുകയും ചെയ്യുന്നുണ്ട്. അതുമൂലം കുടുംബത്തിന്റെ നൈസർഗികത നിലനിർത്താനാവുന്നതോടൊപ്പം, നീതിയും സമത്വവും പുലർത്താനും കഴിയുന്നു. ഊർജസ്വലമായ ഒരു സമൂഹത്തിന്റെ സൃഷ്ടിപ്പിന് കുടുംബത്തെയാണ് അത് അടിസ്ഥാനമായി കാണുന്നത്.

കുടുംബത്തിന്റെ ആരംഭം ആണിന്റെയും പെണ്ണിന്റെയും ഒരുമിച്ച് ചേരലിലൂടെയാണ് സംഭവിക്കുന്നത്. പൗരോഹിത്യത്തിന്റെ വീക്ഷണത്തിൽ, കുടുംബം മനുഷ്യന്റെ ആത്മീയ വളർച്ചക്ക് തടസ്സം

നിൽക്കുന്ന ഒരു സ്ഥാപനമാണ്. ആരെങ്കിലും ആത്മീയ വളർച്ച ആഗ്രഹിക്കുന്നുണ്ടെങ്കിൽ കുടുംബത്തിന്റെ നൂലാമാലകളിൽനിന്ന് ഒഴിഞ്ഞു നിൽക്കണമെന്ന് അത് ശഠിക്കുന്നു. സർവതന്ത്ര സ്വതന്ത്ര ലൈംഗിക ജീവിതമാണ് മറുവശത്തുള്ളത്. ഇവർക്ക് ശാരീരിക ആവശ്യങ്ങൾ എങ്ങനെയെങ്കിലും പൂർത്തീകരിച്ചു കിട്ടിയാൽ മതി. പൗരോഹിത്യ സങ്കൽപം ഒരു പരിധിവരെ ഇന്ന് പുറന്തള്ളപ്പെട്ട് കഴിഞ്ഞിരിക്കുന്നു. എന്നാൽ രണ്ടാമത് പറഞ്ഞ ലൈംഗിക സങ്കൽപം ഇന്നും സജീവമായി നില നിൽക്കുന്നു. ഈ രണ്ട് സങ്കൽപങ്ങൾക്കിടയിൽ ഒരു മധ്യമ രീതിയാണ് ഇസ്‌ലാം സ്വീകരിച്ചിരിക്കുന്നത്. മനുഷ്യന്റെ ലൈംഗികാവശ്യങ്ങൾ പൂർത്തീകരിക്കുകയെന്നത് പ്രകൃതിപരമായ ആവശ്യമാണ്. എന്നാൽ കൃത്യമായ ചില നിബന്ധനകൾ പാലിച്ചിരിക്കണം. വിവാഹബന്ധമാണ് ലൈംഗിക ബന്ധം അനുവദനീയമാക്കുന്നതിന് ഇസ്‌ലാം വെച്ചിരിക്കുന്ന ഉപാധി. അനുവാദം നൽകുക മാത്രമല്ല, അങ്ങനെ നിയമാനുസൃതം ശാരീരികവേഴ്ചയിലേർപ്പെടുന്നത് പ്രതിഫലാർഹമാണെന്ന് കൂടി വ്യക്തമാക്കിയിരിക്കുന്നു. പ്രവാചകൻ(സ) പറഞ്ഞു: "എല്ലാ സൽപ്രവൃത്തികൾക്കും പ്രതിഫലമുണ്ട്. ശാരീരിക സുഖത്തിനായി പരസ്പരം ബന്ധപ്പെടുന്നതിലും. ഇത് കേട്ട അനുചരന്മാർ: ഒരാൾ അയാളുടെ ആഗ്രഹ പൂർത്തീകരണം നടത്തുന്നതിനും പ്രതിഫലമോ? പ്രവാചകൻ: തീർച്ചയായും! ഒരാൾ തന്റെ ശാരീരിക ആഗ്രഹം പൂർത്തീകരിക്കുന്നതിന് വഴിവിട്ട മാർഗം സ്വീകരിച്ചാൽ അയാൾ കുറ്റക്കാരനാകുന്നില്ലേ? അതുപോലെ അയാൾ അനുവദനീയ രീതി സ്വീകരിച്ചാൽ പ്രതിഫലത്തിനർഹനായിത്തീരുകയും ചെയ്യും."

പ്രകൃതിപരമായ ആവശ്യങ്ങളെ ഞെരുക്കി കൊല്ലുന്നത് അനുവദിച്ചിട്ടില്ല. പൗരോഹിത്യവും വിരക്തിയും ഇസ്‌ലാമിന് അന്യമാണ്. പ്രവാചക അനുചരന്മാരിൽ ചിലർ വിരക്തി സ്വീകരിക്കാൻ തീരുമാനിച്ചപ്പോൾ പ്രവാചകൻ പ്രഖ്യാപിച്ചു: "ഇസ്‌ലാമിൽ പൗരോഹിത്യമില്ല." ഈ നബിവചനത്തിന്റെ പ്രാമാണികത സംശയാസ്പദമാണെങ്കിലും ഇതിൽ പരാമർശിച്ചിരിക്കുന്ന കാര്യം ശരിയാണെന്ന് മറ്റു ചില ഹദീസുകളിൽനിന്ന് വ്യക്തമാവുന്നുണ്ട്.

## വിവാഹത്തിന്റെ ലക്ഷ്യം

മനുഷ്യൻ ധാർമികതയിലൂന്നി ജീവിക്കുക എന്നതാണ് വിവാഹം കൊണ്ട് ഇസ്‌ലാം ഉദ്ദേശിക്കുന്നത്. വഴിവിട്ട മാർഗങ്ങളിൽനിന്ന് അകന്നുനിൽക്കാൻ ഇതവനെ പ്രാപ്തനാക്കുന്നു. യുവാക്കളോട് പ്രവാചകൻ പറഞ്ഞത്, 'നിങ്ങളിൽ വിവാഹദ്രവ്യം നൽകാൻ വകയുള്ളവൻ വിവാഹം കഴിക്കട്ടെ' എന്നായിരുന്നു. ചില കർമ ശാസ്ത്ര പണ്ഡിതന്മാർ പറയുന്നത്, ഹജ്ജിന് പോകാൻ തയാറെടുത്ത് നിൽക്കുന്ന വ്യക്തി ശാരീരികമായ (ലൈംഗികമായ) വല്ല അപഭ്രംശവും സംഭവിക്കുമെന്ന് ഭയപ്പെടുന്ന പക്ഷം വിവാഹത്തിനാണ് മുൻഗണന നൽകേണ്ടത് എന്നാണ്. ഹജ്ജ് മറ്റൊരവസരത്തിലേക്ക് നീട്ടിവെക്കാം. ഒരാൾ യഥേഷ്ടം ഭക്ഷണം കഴിക്കുകയും അല്ലലേതുമില്ലാതെ കഴിഞ്ഞു കൂടുകയും ചെയ്യുമ്പോൾ അവനിൽ സ്വാഭാവികമായും പല തരത്തിലുള്ള ആഗ്രഹങ്ങൾ ജനിക്കും. അത് നിയന്ത്രിക്കണമെങ്കിൽ വ്രതം എടുക്കുകയേ മാർഗമുള്ളൂ. അന്നപാനീയങ്ങളാൽ നിയന്ത്രണം വരുമ്പോൾ ദേഹേഛകൾ സ്വയം നിയന്ത്രിതമാകും.

അറബി ഭാഷയിൽ *ഹുസ്ൻ* എന്ന വാക്കിന് കോട്ട എന്നാണർഥം. വിവാഹബന്ധത്തെ സൂചിപ്പിക്കാനും ഖുർആൻ ഈ വാക്ക് പ്രയോഗിച്ചിട്ടുണ്ട്. വിവാഹമെന്ന ഈ കോട്ടയിൽ പ്രവേശിച്ചു കഴിഞ്ഞാൽ ഒരാൾ അധാർമിക വൃത്തികളിൽനിന്ന് സുരക്ഷിതനായിരിക്കും. ഖുർആൻ വിവാഹത്തെ സ്നേഹവുമായും ദയാവായ്പുമായും ബന്ധപ്പെടുത്തുന്നു. ഈ സ്നേഹം പ്രകൃതിപരവും ഇരുഭാഗത്തുനിന്നും ഉളവാകുന്നതുമാണ്. അങ്ങനെയാണ് ജീവിതം സമാധാനപൂർണവും സുസ്ഥിരവുമായിത്തീരുന്നത്. ഒരാൾ അവന് തികച്ചും അന്യയായ ഒരു സ്ത്രീയുമായാണ് വിവാഹ ബന്ധത്തിലേർപ്പെടുന്നത്. എന്നാൽ വിവാഹ ബന്ധത്തിലേർപ്പെടുന്നതോടെ മുമ്പുണ്ടാകാത്ത തരത്തിലുള്ള പ്രേമവും സ്നേഹവും അവർ തമ്മിലുണ്ടാകുന്നു. ഖുർആന്റെ വീക്ഷണത്തിൽ ഇത് പ്രകൃതിപരമായി തന്നെ ലഭിച്ചിട്ടുള്ള സൗഭാഗ്യമാണ്. "അവൻ നിങ്ങൾക്ക് സ്വജാതിയിൽനിന്നുതന്നെ ഇണകളെ സൃഷ്ടിച്ചു; നിങ്ങൾ പരസ്പരം ശാന്തി നുകരാൻ, നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും അവൻ ഉണ്ടാക്കിത്തരികയും ചെയ്തു. ഇതൊക്കെയും ദൈവിക ദൃഷ്ടാന്തങ്ങളിൽ പെട്ടതാകുന്നു. നിശ്ചയം, ചിന്തിക്കുന്ന ജനത്തിന് ഗുണപാഠങ്ങളുണ്ടിതിൽ."

ഇവിടെ വിവാഹത്തിന്റെ ഒരു ലക്ഷ്യമായി പറഞ്ഞിരിക്കുന്നത് ഭാര്യാ ഭർത്താക്കന്മാർക്കിടയിലെ സമാധാനവും ശാന്തിയുമാണ്. അവർക്കിടയിലെ അവാച്യമായ സ്നേഹാനുഭൂതികളെക്കുറിച്ചാണ്

സൂചന. പ്രേമം ഒരാളിൽ മാത്രം ഉണ്ടായതുകൊണ്ട് കാര്യമില്ല. ഇരു കൂട്ടരിലും അത് ഉണ്ടാവണം. അപ്പോഴേ അത് സുന്ദരമാവൂ. അതുപോലെ തന്നെയാണ് ശാന്തിയുടെ കാര്യവും. ജീവിതത്തിന്റെ സന്ദിഗ്ധഘട്ടങ്ങളിൽ, അസ്വസ്ഥത നിറഞ്ഞ സന്ദർഭങ്ങളിൽ സ്വന്തം വീട്ടിനകത്ത് സഹധർമിണിയുടെ സാമീപ്യം കൊണ്ട് കിട്ടുന്ന സായൂജ്യം വല്ലാത്ത അനുഗ്രഹം തന്നെയാണ്. ഇതുപോലെ തന്നെയാണ് ഭാര്യക്ക് ഭർത്താവിൽനിന്ന് കിട്ടുന്ന അനുഭൂതിയും. ലോകം വളർച്ചയുടെ ഉച്ചകോടിയിലെത്തി നിൽക്കുന്ന ഈ സന്ദർഭത്തിലും മനുഷ്യൻ ഒരിറ്റ് സമാധാനത്തിന് വേണ്ടി നെട്ടോട്ടമോടുകയാണ്. ഖുർആൻ പറയുന്നത്, സമാധാനം വേണമെങ്കിൽ ശരിയായ ദാമ്പത്യ ജീവിതം നയിക്കൂ എന്നാണ്. തികച്ചും അന്യനായൊരു മനുഷ്യൻ മറ്റൊരാൾക്ക് എങ്ങനെ ശാന്തിയും സമാധാനവുമാകുന്നു എന്നത് ബുദ്ധിയും വിവേകവും ഉള്ളവർ പഠിക്കേണ്ട വിഷയമാണ്. ഈ ബന്ധത്തിന്റെ വൈകാരികതയെക്കുറിച്ചും ഖുർആൻ പറഞ്ഞിട്ടുണ്ട്. “സ്ത്രീയും പുരുഷനും പരസ്പരം വസ്ത്രങ്ങൾ പോലെയാണ്” (*അൽബഖറ* 182). ഖുർആനിക പരാമർശത്തിന്റെ അർഥവ്യാപ്തി മനസ്സിലാക്കുന്തോറും നമ്മുടെ അത്ഭുതം വർധിക്കും. മനുഷ്യന് അവന്റെ വസ്ത്രം ശരീരവുമായി ഏറ്റവും അടുത്ത് നിൽക്കുന്ന ഒന്നാണ്. ഇത്രയും അടുത്ത് നിൽക്കുന്ന മറ്റൊന്നില്ല. ഭർത്താവ് ഭാര്യയുടെയും ഭാര്യ ഭർത്താവിന്റെയും വസ്ത്രമാണെന്ന് പറയുമ്പോൾ ഈ അടുപ്പമാണ് ധ്വനിപ്പിക്കുന്നത്. ഈ അടുപ്പം ചിത്രീകരിക്കാൻ ഇതിലും നല്ലൊരു ഉദാഹരണം കണ്ടെത്താൻ പറ്റുമോ? ശരീരം മറയ്ക്കുന്നതോടൊപ്പം വസ്ത്രത്തിന്റെ മറ്റൊരു ഉപയോഗം ശരീരത്തിലെ ന്യൂനതകൾ മറയ്ക്കുക എന്നതാണ്. ശരീരത്തിലുള്ള കലകൾ, വ്രണങ്ങൾ അടക്കം മറ്റുള്ളവർ കാണുന്നത് നാം ഇഷ്ടപ്പെടാത്തതൊക്കെ മറച്ചുവെക്കുന്നു. ഭാര്യാ ഭർത്താക്കന്മാർ പരസ്പരം വസ്ത്രമാകുമ്പോൾ അവർ തങ്ങളുടെ രഹസ്യങ്ങളും അതുപോലെ മറച്ചുവെക്കുന്നു.

## ദാമ്പത്യജീവിതത്തിലെ അസ്വാരസ്യങ്ങൾ

ദാമ്പത്യജീവിതത്തിൽ അസ്വാരസ്യങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്. ഇവിടെയും ഖുർആൻ സ്പഷ്ടമായ മാർഗ നിർദേശങ്ങൾ നൽകുന്നു. ക്ഷമയോടെയും സഹനത്തോടെയും യുക്തിയോടെയും പരസ്പരം കാര്യങ്ങൾ ബോധ്യപ്പെടുത്താനാണ് ശ്രമിക്കേണ്ടത്. ഇത്തരം സന്ദർഭങ്ങളിൽ ഭാര്യമാരെ ഏതെങ്കിലും തരത്തിൽ പ്രയാസപ്പെടുത്തുന്നത് ഇസ്‌ലാം കർശനമായി വിലക്കുന്നു. ഭർത്താക്കന്മാരിൽ കാണുന്ന പോരായ്മകൾ സഹനത്തോടെയും ഗുണകാംക്ഷയോടെയും പരിഹരിക്കാൻ ഭാര്യമാരും ശ്രദ്ധിക്കണം. എന്നിട്ടും പ്രശ്നം അവസാനിക്കുന്നില്ലെങ്കിലാണ് ഇരു ഭാഗത്തുനിന്നും മധ്യസ്ഥരെ വിളിച്ചുവുരത്തി പ്രശ്നം ചർച്ച ചെയ്യേണ്ടത്. യുവത്വത്തിന്റെ പക്വത കുറവ് കാരണം പറയാൻ പറ്റാത്തത് പറഞ്ഞുപോകാനും ചെയ്യാൻ പാടില്ലാത്തത് ചെയ്തുപോകാനും സാധ്യതയുണ്ട്. ചില സന്ദർഭങ്ങളിൽ ഇരു കൂട്ടരുടെയും കുടുംബങ്ങളും അവിവേക പൂർവമായ ഇടപെടലുകൾ നടത്തിയേക്കാം. എന്നാൽ നിസ്വാർഥമായി പ്രശ്ന പരിഹാരത്തിന് ശ്രമിച്ചാൽ രമ്യതയിലെത്താൻ കഴിയുമെന്ന് തന്നെയാണ് ഖുർആൻ പറയുന്നത്: “വധൂവരന്മാരുടെ ബന്ധം ശിഥിലമാകുന്നുവെന്ന ആശങ്കയുണ്ടായാൽ നിങ്ങൾ അവന്റെ ബന്ധുക്കളിൽനിന്ന് ഒരു മാധ്യസ്ഥനെ വെക്കുക. ഒരു മാധ്യസ്ഥനെ അവളുടെ ബന്ധുക്കളിൽനിന്നും. അവരിരുവരും അനുരഞ്ജനം ആഗ്രഹിച്ചാൽ അല്ലാഹു അവർക്കിടയിൽ യോജിപ്പിന്റെ മാർഗം തുറന്നു കൊടുക്കുന്നതാകുന്നു. നിശ്ചയം അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമാണല്ലോ.”

അനുരഞ്ജനം ആഗ്രഹിക്കുക സ്വാഭാവികമായും ഭാര്യാഭർത്താക്കന്മാരാവുമല്ലോ. അവരത് ആഗ്രഹിക്കുന്നുവെങ്കിൽ അല്ലാഹു വഴി തുറന്നു കൊടുക്കുമെന്ന് തന്നെയാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. മറ്റൊരു പ്രധാന ഘടകം ഇരു കൂട്ടരുടെയും കുടുംബങ്ങളാണ്. പ്രശ്നം രമ്യമായി പരിഹരിക്കാൻ ഇരു കുടുംബങ്ങളും ആത്മാർഥമായി ശ്രമിക്കണം. മുസ്‌ലിം സമുദായത്തിനും ഈ വിഷയത്തിൽ ഇടപെടാൻ അവകാശമുണ്ട്. പ്രശ്നം കോടതിയിൽ എത്തുകയാണെങ്കിൽ കോടതിക്ക് വിധി പ്രഖ്യാപിക്കാം. പക്ഷേ കോടതിയും ശ്രമിക്കേണ്ടത് ഇരു കൂട്ടർക്കിടയിൽ രമ്യതയുണ്ടാക്കുന്നതിനായിരിക്കണം. അന്തിമ തീരുമാനം കൈക്കൊള്ളാനുള്ള അവകാശം ഭാര്യാ ഭർത്താക്കന്മാർക്ക് തന്നെയാണ്. ■

**വിവ: റഹീം ഓമശ്ശേരി**
rahimomassery@hotmail.com